**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6195** **09-07-2024 - ൽ മറുപടിയ്ക്ക്**

**ചോമ്പാൽ ഹാർബറിലെ തർക്കം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ഫിഷിംഗ് ഹാർബറിൽ മറ്റ മേഖലകളിൽ നിന്നുള്ള മത്സ്യത്തൊഴിലാളികളെ മത്സ്യബന്ധനവും വിപണനവും നടത്തുന്നതിന് അനുവദിക്കാത്ത സാഹചര്യം നിലവിലുണ്ടോ; | (എ) | മത്സ്യബന്ധനവും വിപണനവും നടത്തുന്നതിന് സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല. |
| (ബി) | കൊയിലാണ്ടി മേഖലയിൽ നിന്നുള്ള മത്സ്യത്തൊഴിലാളികൾ ചോമ്പാൽ ഹാർബറിൽ മത്സ്യബന്ധനം, വിപണനം എന്നിവ നടത്തുന്നതുമായി ബന്ധപ്പെട്ട് തർക്കം നിലനിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ചെറിയ രീതിയിലുള്ള തർക്കം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | എങ്കിൽ തർക്കത്തിനുള്ള കാരണങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ; | (സി) | മത്സ്യത്തൊഴിലാളികൾക്കിടയിലുള്ള പ്രാദേശിക പ്രശ്നങ്ങളാണ് തർക്കത്തിന് കാരണമെന്നാണ് അറിയിച്ചിരിക്കുന്നത്. |
| (ഡി) | ചോമ്പാൽ ഹാർബറിൽ മത്സ്യത്തൊഴിലാളികൾ, മത്സ്യക്കച്ചവടക്കാർ, ദല്ലാളന്മാർ തുടങ്ങിയവർ തമ്മിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഇതിനോടകം സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ഡി) | കോഴിക്കോട് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ 25/06/2024 -ന് ഒരു അടിയന്തിര യോഗം സംഘടിപ്പിച്ചിരുന്നു. കടൽക്കോടതി അംഗങ്ങൾ, മത്സ്യത്തൊഴിലാളി പ്രതിനിധികൾ, ട്രേഡ് യൂണിയൻ നേതാക്കൾ എന്നിവർ പങ്കെടുത്ത യോഗത്തിൽ തർക്കം താൽക്കാലികമായി പരിഹരിച്ചിട്ടുണ്ട്. തർക്കം ശാശ്വതമായി പരിഹരിക്കുന്നതിന് കോഴിക്കോട് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ യോഗം ചേരുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. |
| (ഇ) | സംഘർഷാവസ്ഥ ഉണ്ടാകുന്നത് തടയുന്നതിനായി ഇവർ തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (ഇ) | കോഴിക്കോട് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ 25/06/2024 -ന് ഒരു അടിയന്തിര യോഗം സംഘടിപ്പിച്ചിരുന്നു. കടൽക്കോടതി അംഗങ്ങൾ, മത്സ്യത്തൊഴിലാളി പ്രതിനിധികൾ, ട്രേഡ് യൂണിയൻ നേതാക്കൾ എന്നിവർ പങ്കെടുത്ത യോഗത്തിൽ തർക്കം താൽക്കാലികമായി പരിഹരിച്ചിട്ടുണ്ട്. തർക്കം ശാശ്വതമായി പരിഹരിക്കുന്നതിന് കോഴിക്കോട് ജില്ലാ കളക്ടറുടെ |

| | | | |
|---|---|---|---|
| | | | നേതൃത്വത്തിൽ യോഗം ചേരുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ